For Private Circulation Only

January 2021

# ആഗമനദൂതൻ

HOLY BIBLE

Vol.68

" മനുഷ്യാ നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു ................
യഹോവ നിന്നോട് ചോദിക്കുന്നത് " (1 തെസ്സ.5 :14)

No.1

## നിങ്ങൾ കൊയ്ത്തു നിലത്തിലെ ഒരു വേലക്കാരനാണോ?

By David Lindsey

വേദപുസ്തക വായനക്കാർ ദീർഘകാലമായി മനസിലാക്കിയിരിക്കുന്നത്, ക്രിസ്ത്യാനികൾ ജീവിക്കുന്ന ലോകം രണ്ടാണ്. വേദപുസ്തകം വിളിക്കുന്ന ഇന്നത്തെ ലോകത്തിലാണ് നാം എല്ലാവരും പിറന്നു വീഴുന്നത് എങ്കിലും വിശ്വാസികൾ സ്വർഗ്ഗത്തിൽ പൗരത്വം ലഭിച്ചവരാണ്. വിശ്വാസികൾ, ദൈവമക്കളായിരിക്കുവാൻ അധികാരം ലഭിച്ചവരാണ് (യോഹ. 1:12). അതുകൊണ്ട് നാം ദൈവത്താൽ കാക്കപ്പെടുന്നവരാണ്. " അന്ത്യകാലത്തു വെളിപ്പെടുവാൻ ഒരുങ്ങിയിരിക്കുന്ന രക്ഷയ്ക്കു വിശ്വാസത്താൽ ദൈവശക്തിയിൽ കാക്കപ്പെടുന്ന നിങ്ങൾക്കു വേണ്ടി സ്വർഗ്ഗത്തിൽ സൂക്ഷിച്ചിരിക്കുന്നത് (1പത്രൊ. 1:4). ഈ വാഗ്ദത്തം നമ്മുടെ പ്രവൃത്തിയാലല്ല, തന്റെ പുത്രനായ ക്രിസ്തു മുഖാന്തരമാണ് ലഭിച്ചിരിക്കുന്നത്. " അവൻ മരിച്ചവരുടെ ഇടയിൽ നിന്നുള്ള യേശുക്രിസ്തുവിന്റെ പുനരുദ്ധാനത്താൽ തന്റെ കരുണാധിക്യപ്രകാരം നമ്മെ ജീവനുള്ള പ്രത്യാശയ്ക്കായി " (1പത്രൊ. 1:3).

യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെടാത്തവർക്ക് അവരുടെ മുഴുവൻ പ്രത്യാശയും ഈ ലോകത്തിലെ സന്തോഷങ്ങളിലാണ്, " എന്നാൽ വിശ്വാസികളുടെ പ്രത്യാശ വരുവാനുള്ള ലോകത്തിലാണ് " (1 കൊരി. 15). വിശ്വാസികൾക്ക് ലോകം ക്ഷണികമാണ്. അവിശ്വാസികൾ പ്രത്യാശയില്ലാത്തവരാണ്.

ലോകത്തിന്റെ ശ്രദ്ധ മുഴുവൻ തീവ്ര രോഗബാധയായ കോവിഡ് -19 ലാണ്. ഈ ലോകം നേരിടുന്ന പ്രതിസന്ധി പരിധിയില്ലാത്തതാണ്. ധാരാളം ആളുകൾ, വിശ്വാസികളും, അവിശ്വാസികളും നേരിട്ടോ അല്ലാതെയോ അതിന്റെ പരിണത ഫലം അനുഭവിച്ചുകൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മ, ക്ഷാമം, മലിനത രോഗം കുടുംബ ഭാരം, വേർപാട്, ഭവനമില്ലായ്മ, ബിസിനസിൽ നഷ്ടം, പീഡ, മറ്റുവിഷയങ്ങളാൽ . എല്ലാവരും പ്രശ്നങ്ങളിലും ഭീതിയിലും നിരാശയിലും ആയിരിക്കുന്നു.

വേദപുസ്തകം പറയുന്നു, അന്ത്യകാലത്തു ഇതുപോലുള്ള പ്രശ്നങ്ങൾ വരും, മനുഷ്യർ രക്ഷയ്ക്കായി ഒരു നേതാവിലേയ്ക്ക് ഉറ്റുനോക്കും. അന്ത്യകാലത്തെക്കുറിച്ച് യേശു പറയുന്നത്, "നിങ്ങൾ യുദ്ധങ്ങളെയും യുദ്ധശ്രുതികളെയും കുറിച്ച് കേൾക്കും, മഹാമാരികൾ ഉണ്ടാകും, ഈ കാര്യങ്ങൾ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുമ്പോൾ നിങ്ങളുടെ വീണ്ടെടുപ്പുകാരൻ അരികെയാണെന്നറിഞ്ഞുകൊൾവിൻ " (മത്താ. 24). ലോകത്തിന്റെ അവസാനം അടുത്തിരിക്കുന്നു. ഇന്നത്തെ സംഭവങ്ങളൊക്കെയും അത് വിളിച്ചു പറയുന്നു.

ഈ കാലത്തെ ഒരു വിശ്വാസിക്ക് ദൈവവചനത്തിന്റെ വെളിച്ചത്തിൽ കാണാൻ കഴിയും. പത്രൊസ് നമ്മെ ധൈര്യപ്പെടുത്തുന്നത് "അതിൽ നിങ്ങൾ അല്പ നേരത്തേയ്ക്ക് ദു:ഖിച്ചിരിക്കേണ്ടിവന്നാലും ആനന്ദിക്കുന്നു" (1പത്രൊ. 1:16). ദു:ഖത്തിൽ സന്തോഷിക്കയല്ലേ വേണ്ടത്? അതെ! വിശ്വാസികളുടെ പ്രതികരണം അതാണ്, നമുക്ക് ലഭിച്ചിരിക്കുന്ന വിശ്വാസത്തിന്റെ പരിശുദ്ധി അങ്ങനെയാണ്. അത് സ്വർണ്ണത്തേക്കാൾ വിലയേറിയതാണ്. അത് തീയിൽ ശോധന ചെയ്തു തെളിയിക്കപ്പെട്ടതാണ്. എന്തുകൊണ്ട്? " അഴിഞ്ഞുപോകുന്നതും തീയിൽ ശോധനകഴിക്കുന്നതുമായ പൊന്നിനെക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത് എന്ന് യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ പുകഴ്ചയ്ക്കും തേജസിനും മാനത്തിനുമായി കാണ്മാൻ അങ്ങനെ ഇട വരും" (1പത്രൊ. 1:7).

തന്റെ സമയം കുറവാണ് എന്ന് സാത്താൻ അറിയുന്നു. യേശുക്രിസ്തുവിന്റെ ശക്തിയും സ്വാധീനവും ഭൂമിയിൽ ഇല്ലാതാക്കുവാൻ അവർ സർവ്വശക്തി യും ഉപയോഗിച്ച് പ്രവർത്തിക്കുന്നു. അതിനുവേണ്ടി ഇതുപോലുള്ള ഏതുവഴികളും ഉപയോഗിക്കുന്നു. ഏഴു വർഷത്തെ മഹോപദ്രവകാലത്ത് അവന്റെ പ്രവർ ത്തി കൂടുതൽ ശക്തിയോടെ വെളിപ്പെടുന്നു, എന്നാൽ അതിന്റെ സൂചനകൾ ഇന്ന് ഭൂമിയിൽ നടന്നുകൊണ്ടിരിക്കുന്നു.

സഭകൾ പൂട്ടുവാൻ അവൻ പദ്ധതിയിട്ടു. വിശ്വാസികളുടെ കൂടിവരവിനെ തിരെ പോരാടുന്നു, പീഢകൾ ഉള്ള സഭകളിൽ രാജ്യങ്ങളിൽ അത് കൂടുതൽ പ്രയാസങ്ങളുണ്ടാക്കുന്നു. ലോകവ്യാപകമായുള്ള ദുർബാധകളെ സംബന്ധിച്ചു സാത്താൻ പക്ഷേ പരാജയപ്പെടുകയാണ് ചെയ്യുന്നത്.

ദൈവവചനത്തിന്റെ ദൂതുകളിൽ ദൈവജനം ബോധവാന്മാരാകുകയും ഈ മഹാമാരികൾ സാത്താന്റെ ഒരു പദ്ധതിയാണെന്നോർക്കയും വേണം. രോഗവും മരണവും ഒരിക്കലും ദൈവസൃഷ്ടിയുടെ ഭാഗമല്ല, എന്നാൽ അത് വീഴ്ചയുടെ ഫലമാണ്. വിശ്വാസികളെ ലോകത്തിൽ നിന്നും തുടച്ചു മാറ്റുവാനുവാനുള്ള സാത്താന്റെ പദ്ധതിയെ നാം അനുവദിച്ചു

(ശേഷം 7-ാംപേജിൽ)

# ക്രിസ്തു എല്ലാറ്റിനും മതിയായവൻ

By. F.B. Meyer

ഒരുവന്റെ മരണത്തോടുള്ള ബന്ധത്തിൽ യേശു സ്നേഹിച്ച ശിഷ്യൻ അവിടുത്തെ പാദപീഠത്തിൽ വീണു; സ്മുർന്നയിലെ സഭയെ ധൈര്യപ്പെടുത്തേണ്ടതായ ആവശ്യം വന്നപ്പോൾ മരണത്തോളം വിശ്വസ്തനായിരിക്കുവാൻ പറയുന്നു; ആത്മാവ് ദൈവത്തിനായി ദാഹിക്കുവാൻ ജീവജലത്തിനുവേണ്ടി അപേക്ഷിക്കുന്നു. ജീവവൃക്ഷത്തിന്റെ നഗരത്തിലേയ്ക്ക് പ്രവേശിക്കേണ്ടതായ ആവശ്യം വന്നപ്പോൾ യേശുവിന്റെ ശക്തമായ വാക്കുകൾ, “ഞാൻ അൽഫയും ഒമേഗയും ഒന്നാമത്തവനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു” (വെളി. 22:13).

നാം ഓരോരുത്തരും ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം ഉറപ്പിച്ചു കാത്തു സൂക്ഷിക്കുന്നവരാണോ എന്നതാണ് ഈ കാലഘട്ടത്തിലെ പ്രധാന ചോദ്യം. ക്രിസ്തുവിനെക്കുറിച്ച് ധാരാളം നാം കേൾക്കുന്നു, അവിടുത്തെക്കുറിച്ച് വായിക്കുന്നു, സംസാരിക്കുന്നു. എന്നാൽ അവിടുത്തെ യഥാർത്ഥമായി അറിയുന്ന കാര്യത്തിൽ നാം ബഹുദൂരം അകലെയാണ്. യേശു ഫിലിപ്പോസിനോട് ചോദിച്ചതുപോലെയല്ലേ ദു:ഖത്തോടെ നമ്മോട് ചോദിക്കുന്നത്. ഞാൻ ഇത്രകാലം നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ ഫിലിപ്പോസേ?(യോഹ. 14:9). പൗലൊസ് പറയുന്നത് “അത്രയുമല്ല എന്റെ കർത്താവായ യേശുക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനത്തിന്റെ ശ്രേഷ്ഠത നിമിത്തം ഞാൻ ഇപ്പോഴും എല്ലാം ചേതം എന്നെണ്ണുന്നു” ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ന്യായപ്രമാണത്തിൽ നിന്നുളള എന്റെ സ്വന്തനീതിയല്ല, ക്രിസ്തുവിങ്കലുള്ള വിശ്വാസംമൂലം ദൈവം വിശ്വസിക്കുന്നവർക്ക് നൽകുന്ന നീതി തന്നെ ലഭിച്ച് അവനിൽ ഇരിക്കേണ്ടതിനും “ അവന്റെ മരണത്തോട് അനുരൂപപ്പെട്ടിട്ട് അവനെയും അവന്റെ പുനരുദ്ധാനത്തിന്റെ ശക്തിയെയും അവന്റെ കഷ്ടാനുഭവങ്ങളുടെ കൂട്ടായ്മയെയും അനുഭവിച്ചറിയേണ്ടതിനും ” (ഫിലി. 3:8-10).

**നമ്മുടെ ആവശ്യങ്ങളിലെ അഭിനന്ദനം**

ഈ ലോകജീവിതത്തിലെ അത്യാവശ്യ ഘട്ടങ്ങളിൽ നമുക്ക് ആശ്രയമായ കർത്താവിനെ എപ്പോഴും അറിയേണ്ടതല്ലയോ എന്ന ചോദ്യം ഉയർന്നുവരാറുണ്ട്. നാം മുന്നോട്ട് പോകുമ്പോൾ നിസാഹായതയും തോൽവികളും ജീവിതത്തിൽ വരുമ്പോൾ തന്റെ കൃപ നമ്മുടെമേൽ പകർന്ന് അതിനെ വലിയ അവസരങ്ങളാക്കി ദൈവം രൂപാന്തരപ്പെടുത്താറുണ്ട്. അങ്ങനെ നാം എന്തായിരിക്കണം എന്ത് ചെയ്യണം എന്നുളള കാഴ്ചപ്പാട് നമുക്കു ലഭിക്കുന്നു.

സൻഹരീബ് യരുശലേമിനെ ആക്രമിച്ചു കീഴ്പ്പെടുത്താനായി അടുത്തുവരുമ്പോൾ യെശയ്യാവും ഹിസ്ക്കീയാവും മനസിലാക്കിയത്, ദൈവം അവർക്ക് വീതിയുള്ള നദികൾക്ക് തോടുകൾക്കും പകരമായിരിക്കും (യെശ. 33:21).

(ശേഷം 4-ാംപേജിൽ)

**കർത്താവിൽ പ്രിയരേ,**

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

“ യഹോവ ഇപ്രകാരം അരുളി ചെയ്യുന്നു. നിങ്ങൾക്കു കുടിപ്പാൻ വേണ്ടി ഞാൻ അവർക്കു നദിപോലെ സമാധാനവും കവിഞ്ഞൊഴുകുന്ന തോടുപോലെ ജാതികളുടെ മഹത്വവും നീട്ടിക്കൊടുക്കും. നിങ്ങളെ പാർശ്വത്തിൽ എടുത്തുകൊണ്ടു നടക്കയും മുഴങ്കാലിന്മേൽ ഇരുത്തി ലാളിക്കയും ചെയ്യും. ” (യെശ. 66:12)

“ ആണ്ടിന്റെ ആരംഭം മുതൽ അവസാനം വരെ നിന്റെ ദൈവമായ യഹോവയുടെ ദൃഷ്ടി എപ്പോഴും അതിന്മേൽ ഇരിക്കുന്നു ” (ആവർത്തനം 11:12)

2020 വർഷത്തിന്റെ ഡിസംബർ മാസം നമ്മെ വിട്ട് കടന്നുപോയി. 20221 ജനുവരി മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. 20220-ൽ അനേകർ ഈ ലോകത്തിൽ നിന്നു മാറ്റപ്പെട്ടു. കർത്താവ് നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും അത്ഭുതകരമായി കാത്തു പരിപാലിച്ചതിനായി നന്ദി പറയാം.

2021-ൽ ദൈവത്തിന്റെ സാന്നിദ്ധ്യവും നമ്മുടെ ദൈനംദിന ജീവിതത്തിൽ അനുഭവ വേദ്യമാകുവാൻ കഴിയണം. ഇരുളടഞ്ഞ ജീവിതത്തെ പ്രകാശപൂരിതമാക്കുവാൻ ദൈവവുമായി കൂടുതൽ ബന്ധം പുലർത്തണം. ആ ബന്ധം നമ്മെ മാത്രമല്ല മറ്റുള്ളവരെയും ധന്യരാക്കുന്നു. ദുഷ്ടൻ ഒരുക്കുന്ന കെണിയിൽ നാം വീണു പോകരുത്.

കർത്താവ് തന്റെ മണവാട്ടിയെ ചേർക്കുവാൻ വാനമേഘത്തിൽ വരുമ്പോൾ അവനോടുകൂടെ ചേർക്കപ്പെടുവാൻ നമുക്ക് വിശുദ്ധിയോടും വേർപാടോടും കൂടെ ജീവിക്കാം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം


## ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:8589901702

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: 9446590913, 9809882926
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

# ജീവിതത്തിനും ശുശ്രൂഷയ്ക്കും വേണ്ടി
# കർത്താവിൽ നിന്നുള്ള ആശ്വാസവും ബലവും

By. Rich Carmicheal

നാം ജീവിക്കുന്ന കാലം അനേകർക്കും ഒരു പ്രയാസമേറിയ കാലമാണ്. കർത്താവിന്റെ വരവിനു മുമ്പുള്ള ഈ അവസാനകാലഘട്ടത്തിൽ അത് ഒരു അതിശയോക്തിയുമല്ല. പിശാചിന്റെ സമയം ഇനി ചുരുക്കമാണ് എന്ന് അറിയുന്നു, അതുകൊണ്ട് മനുഷ്യസമൂഹത്തിൽ അവരുടെ ഹൃദയങ്ങളിൽ മനസിൽ, ആത്മാവിൽ അവൻ പോരാടുകയാണ്. “നമുക്കു പോരാട്ടമുള്ളത്,. വാഴ്ചകളോടും അധികാരങ്ങളോടും ഈ അന്ധകാരത്തിന്റെ ലോകാധിപതികളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയോടും അത്രേ ” (എഫെ. 6:12). പോരാട്ടം യാഥാർത്ഥ്യമാണ്, അതിന് അതിന്റേതായ സ്വാധീനങ്ങളും ഉണ്ട്.

ആത്മികമായും, ധാർമ്മികമായും അധ:തിച്ചു എന്ന നിലയിൽ മുന്നറിയിപ്പുകൾ ഉണ്ടായി, പാപം വർദ്ധിച്ചതിന്റെ ഫലമായി പലരും അതിന്റെ പരിണത ഫലങ്ങൾ അനുഭവിക്കുന്നു. ഏകദേശം എല്ലാവരും ഒരുപോലെ കഷ്ടത്തിലായിരിക്കുന്നു, ദേശവ്യാപകമായ ബാധകളാൽ കഷ്ടങ്ങളും നഷ്ടങ്ങളും അനുഭവിക്കുന്നു. അഗ്നിബാധകൾ, വെള്ളപ്പൊക്കം, കൊടുങ്കാറ്റുകൾ തുടങ്ങിയവ പ്രകൃതിദുരന്തങ്ങളാൽ കഷ്ടപ്പെടുന്നു. സാമ്പത്തികപ്രശ്നങ്ങളും കുടുംബത്തകർച്ചകളും സാധാരണ ജീവിതത്തിന്റം ഭാഗമായി മാറിയിരിക്കുന്നു. ആരോഗ്യപ്രശ്നങ്ങളും പ്രിയപ്പെട്ടവരുടെ മരണങ്ങളും ആളുകളെ വേദനിപ്പിക്കുന്നു.

ഇങ്ങനെയുള്ള പ്രതിസന്ധികളിലൂടെ കടന്നുപോകുന്നവരണോ നിങ്ങൾ, എങ്കിൽ നിങ്ങളെ സഹായിക്കുവാൻ ആഗമനദൂതന്റെ ഭാരവാഹികൾ ഒരുങ്ങിയിരിക്കുന്നു. ഈ പേജുകൾ നിങ്ങളുടെ ആശ്വാസത്തിനും വാഗ്ദത്തത്തിൽ വിശ്വസ്തനായ ദൈവത്തിന്റെ സംരക്ഷണത്തിനും കാരണമാകട്ടെ.

## പുതുക്കപ്പെട്ട ശുശ്രൂഷ

ഞങ്ങൾ വിശ്വസിക്കുന്നു, ഈ അവസാനകാലഘട്ടത്തിൽ, ആഗമനദൂതന്റെ ഈ ശുശ്രൂഷയിലൂടെ ദൈവം ആഗ്രഹിക്കുന്ന പ്രവർത്തിയിലൂടെ നിങ്ങളുടെ ജീവിതവും ശുശ്രൂഷയും പുതുക്കം പ്രാപിച്ച് ബലപ്പെടുമാറാകട്ടെ. മറ്റെല്ലാക്കാലത്തെക്കാളുമുപരി ദൈവത്തിന്റെ ജനം ദൈവത്തിന്റെ സ്നേഹത്തെയും കരുതലിനെയും പങ്കുവയ്ക്കുവാൻ തയ്യാറാകട്ടെ. ഡേവിഡ്ലിൻസ്ഡേ തന്റെ ലേഖനത്തിൽ എഴുതിയിരിക്കുന്നത് ഒരു പക്ഷേ മുമ്പെല്ലാക്കാലത്തെക്കാളുമുപരി വയലുകൾ കൊയ്ത്തിന് പാകമായിരിക്കുന്നു. ലോകം ആവശ്യങ്ങളുടെ മുഖത്താണ്. എന്നാൽ ഇത് ഓരോ വിശ്വാസിയുടെയും അവസരമാണ്. എഴുന്നേറ്റ് പ്രകാശിക്കാം.

എന്നാൽ ഒരു കാര്യം അത്യാവശ്യമാണ്. കർത്താവിന്റെ സ്നേഹത്താലും പ്രവൃത്തിയാലും നാം നിറയപ്പെടേണ്ടതാണ്. നമ്മുടെ കഴിവുകളും ശക്തിയുംകൊണ്ട് ആ പ്രവൃത്തി വിജയകരമായി ചെയ്യുവാൻ നമുക്ക് സാദ്ധ്യമല്ല. കർത്താവിന്റെ സാന്നിദ്ധ്യവും ശക്തിയും നമുക്ക് ആവശ്യമാണ്. കർത്താവിന്റെ ജീവനും ശക്തിയും സ്നേഹവും സന്തോഷവും സമാധാനവും നമുക്കാവശ്യമാണ്.

അതുകൊണ്ട് ഈ ദൂതുകൾ നിങ്ങളെ ധൈര്യപ്പെടുത്തുന്നതിനും ദൈവത്തോട് അടുപ്പിക്കുന്നതിനും ദൈവത്തിന്റെ ശക്തി നമ്മിൽ കവിയുന്നതിനും കാരണമാക്കട്ടെ. ജോൺറൈറ്റ് ശക്തിയെ പുതുക്കുന്നു, ഓരോ ദിവസവും അവിടുത്തെ ശക്തിയിൽ ജീവിപ്പാനും പ്രവർത്തിപ്പാനും നമ്മെ സഹായിക്കുന്നു. അലക്സാണ്ടർ മാക്ലാറൺ (ഹബക്കൂക്ക് 3:19) ഉദ്ധരിച്ച് പറയുന്നത്, കർ ത്താവായ യേശുക്രിസ്തുവിലുള്ള കൂട്ടായ്മയിലൂടെ അവിടുന്ന് നമ്മുടെ ബലമായിത്തീരുന്നു. നമ്മുടെ കാലുകൾ അവിടുത്തെ കാലുകളായിത്തീരുന്നു. നമ്മുടെ ജീവിതം ദൈവകൃപയാൽ ബലപ്പെട്ടിട്ട് പുതുക്കം പ്രാപിച്ച് ജീവിതവും ശുശ്രൂഷയും ആളുകൾക്ക്

(ശേഷം 6-ാംപേജിൽ)

## രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

| | |
|---|---|
| അംഗീകരിക്കുക | *ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)* |
| പശ്ചാത്തപിക്കുക | *അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)* |
| ഏറ്റുപറയുക | *നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)* |
| ഉപേക്ഷിക്കുക | *ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.* |
| ശുദ്ധീകരിപ്പെടുക | *അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).* |
| വിശ്വസിക്കുക | *തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)* |
| സമർപ്പിക്കുക | *ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)* |
| പ്രാപിച്ചെടുക്കുക | *യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)* |

(2-ാംപേജിന്റെ തുടർച്ച)

## ക്രിസ്തു എല്ലാറ്റിനും മതിയായവൻ

അവിടെ ഒരു നദിയുണ്ട്. സംരക്ഷിക്കുന്ന ഒരു നദി. അത് ദൈവത്തിന്റെ പട്ടണത്തെ സന്തോഷിപ്പിക്കുന്നു. തീർച്ചയായും, അത് ഒരു അക്ഷരികമായ നദിയല്ല, ദൈവം അവർക്ക് സംരക്ഷകനായി തീരുന്നു, വീതിയുള്ള നദിയായിത്തീരുന്നു. അങ്ങ നെ അവരുടെ ആവശ്യങ്ങളിൽ അവരെ സന്തോഷിപ്പിക്കുന്നു.

എസ്രായുടെ ജീവിതത്തിലും അതു തന്നെയാണ്. നാം കാണുന്നത്, തന്റെ നേതൃത്വത്തിൽ യഹൂദന്മാർ സ്വന്തം നാട്ടിലേയ്ക്കു തിരിച്ചുവരുമ്പോൾ, അഥവാ ആറ്റിന്റെ കരയിൽ പാളയമിറങ്ങി, താൻ ഉണർന്നു മരുഭൂമിയിൽ കൂടെയുള്ളയാത്രയെക്കുറിച്ചു ചിന്തിച്ചു, ആ വഴിയിൽ ഗോത്രവർഗ്ഗക്കാരായ കൊള്ളക്കാർ ഉണ്ടായിരുന്നു. എന്നാൽ അവരുടെ കൂട്ടായ പ്രാർത്ഥനയാൽ ദൈവം അവരോട് സംസാരിച്ചു, ദൈവം അവരോട് വാഗ്ദത്തം ചെയ്തു,. ആ പ്രതിസന്ധിയിൽ അവരോടു കൂടെയിരിക്കും എന്നരുളി ചെയ്തു. ആ പ്രതിസന്ധിയിൽ അവരുടെ ആവശ്യങ്ങളിൽ അവരുടെ സന്തോഷമായിത്തീർന്നു. പടയാളികളാൽ വിജയം കൊടുത്തിരുന്നു എങ്കിൽ ദൈവത്തിന്റെ വ്യക്തിപരമായ ഇടപെടലിനെ ഇത്രത്തോളം അറിയുവാൻ അവർക്ക് കഴിയുമായിരുന്നില്ല.

ലാസറിന്റെ രോഗത്തിൽ നിന്നും അവനെ സൗഖ്യമാക്കുവാൻ യേശു വന്നിരുന്നു എങ്കിൽ ഗുരുവിന്റെ, മരണത്തിന്മേലുള്ള അധികാരത്തേയും മഹത്വത്തെയും കാണുവാൻ ബഥാന്യയിലെ സഹോദരിമാർക്ക് കഴിയുമായിരുന്നില്ല. അവരുടെ ഭയാനകമായ ദു:ഖത്തിലും നിരാശയിലും യേശു അവർക്ക് ഉയിർപ്പിന്റെയും ജീവന്റെയും സന്തോഷമായി മാറുകയാണ്. അവർക്ക് ലഭിച്ച ആ ദൈവകൃപ എന്നേയ്ക്കുമുള്ള ദൈവിക വെളിപ്പാടായി മാറുകയാണ്.

പൗലൊസിന്റെ ജീവിതത്തിന് ആ ശൂലം ഇല്ലായിരുന്നുവെങ്കിൽ യേശുവിനെ ഉള്ളതുപോലെ അറിയുവാൻ തനിക്ക് കഴിയുമായിരുന്നില്ല. ആ ബലഹീനത തന്റെ ജീവിതത്തിൽ വന്നില്ലായിരുന്നു എങ്കിൽ ബലഹീനതയിൽ കൈതാങ്ങുന്ന രക്ഷകന്റെ കൃപയെ അറിയാൻ കഴിയുമായിരുന്നില്ല. അങ്ങനെ തന്റെ കഷ്ടതയിലൂടെ ദൈവികദർശനത്തിന്റെ ഒരു പുത്തൻ അനുഭവം കൈവരിക്കാനും കഴിഞ്ഞു. അതുകൊണ്ട് കർത്താവിനുവേണ്ടി കഷ്ടം സഹിക്കുവാൻ താൻ തയ്യാറാകുന്നു, കഷ്ടത തനിക്ക് ലാഭമായി ത്തീരുന്നു എന്ന കാഴ്പ്പാടുണ്ടാക്കുന്നു ബലഹീനനായിരിക്കുമ്പോൾ തന്നെ ദൈവപുത്രന്റെ ശക്തിയെ അമിതമായി ജീവിതത്തിൽ രുചിച്ചറിയാനും ഇടയായിത്തീരുന്നു.

## ഏകാന്തതയുടെ സമയങ്ങളിൽ

യേശുവിനെസംബന്ധിച്ചിടത്തോളം ഏകാന്തത തന്നെത്തന്നെ അറിയുവാനുള്ള അവസരമായി മാറുകയാണ്. പ്രിയപ്പെട്ട അപ്പോസ്തലൻ പത്മോസ് ദ്വീപിൽ തനിച്ചായിരുന്നു, അതേ സമയം താൻ അവിടെ ആത്മാവിൽ ആകുന്നു, ആത്മാവ് അവിടെ തനിക്ക് കർത്താവിനെക്കുറിച്ചുള്ള വെളിപ്പാട് നൽകുന്നു. ആ കൂട്ടായ്മയെക്കുറിച്ച് യോഹന്നാൻ പറയുന്നത്, അവനെ കണ്ടിട്ട് ഞാൻ മരിച്ചവനെപ്പോലെ അവന്റെ കാൽക്കൽ വീണു (വെളി. 1:17). അപ്പോൾ ക്രിസ്തു തന്റെ കൈ തന്റെ മേൽ വച്ചു താങ്ങി എഴുന്നേല്പിച്ചു, തന്റെ സ്വന്തം നിത്യതയെ സംബന്ധിച്ച മർമ്മം തനിക്ക് വെളിപ്പെടുത്തി കൊടുത്തു. ആ ദർശനം പ്രാപിക്കുവാനായി പുരാതന ഭക്തന്മാർ മരുഭൂമികളിലേയ്ക്ക് പോയി, അവരുടെ ഏകാന്തത നിമിഷങ്ങളിൽ, സമുദ്രതീരങ്ങളിൽ കൂടി നടക്കുമ്പോൾ, പർവ്വത പ്രദേശങ്ങളിൽ ആയിരിക്കുമ്പോൾ, സ്വന്തം മുറിക്കുള്ളിലായിരിക്കുമ്പോൾ കർത്താവ് അവർക്കു ദർശനങ്ങൾ നൽകി. ലോകത്തിൽ ഏറ്റം മഹത്വമുള്ള അനുഭവത്തിലേക്കു നമ്മെ നടത്തുന്ന ത്യാഗോജ്വലമായ ജീവിതത്തിലേക്ക് നാം ഇറങ്ങിച്ചെല്ലണം. ക്ഷീണിച്ചു പോകാത്ത മദ്ധ്യസ്ഥതയും പ്രാർത്ഥനയും ക്രിസ്തീയ സ്നേഹത്തിന്റെ അന്തരീക്ഷവും അതിനാവശ്യമാണ്. ഇതിലേതെങ്കിലും ഒന്നിൽ പരാജയപ്പെട്ടാൽ ദൈവത്തിന്റെ പ്രവൃത്തിയെ നമുക്കു കാണാൻ കഴിയുകയില്ല.

തോമസ് കെംപിസ് പറയുന്നത്, വാതിൽ അടച്ച് സ്നേഹവാനായ യേശുവിനോട് നിലവിളിക്ക, യേശു അടുത്തുണ്ടെങ്കിൽ എല്ലാ നന്മയും സമീപം, ഒന്നും അസാധ്യമായിരിക്കുന്നില്ല; അവിടുന്ന് അടുത്തില്ലെങ്കിൽ, എല്ലാം നമുക്ക് പ്രതികൂലം യേശു ഒരു വാക്ക് സംസാരിച്ചാൽ അത് നമുക്ക് ആശ്വാസം. യേശു ഇല്ലാത്ത ജീവിതം നരകം, യേശു ഉള്ള ജീവിതം പറുദീസ.

അത് എപ്പോഴും നാം ഓർത്തുകൊള്ളേണ്ടത് ആവശ്യമാണ്. വെളിപ്പാടു ലഭിച്ച യോഹന്നാൻ എഴുതാനും നിർബ്ബന്ധിക്കപ്പെടുന്നു. പരിശുദ്ധാത്മാവു നമ്മെ ക്രിസ് തുവുമായുള്ള കൂട്ടായ്മയിലേക്ക് നമ്മെ ആകർഷിക്കുന്നു. കർത്താവിന്റെ കല്പനയാൽ കെരൂബുകൾ വരികയും പോകുകയും ചെയ്യുന്നതുപോലെ വിശുദ്ധ ജീവിതങ്ങൾ, യേശുക്രിസ്തുവിലൂടെയുള്ള കൂട്ടായ്മയിലൂടെ ഉത്തേജിപ്പിക്കപ്പെടും. പുതുക്കപ്പെടുകയും ചെയ്യുന്നു. അവർ കർത്താവിനായ് കാത്തിരിക്കുമ്പോൾ ആലോചനക്കാരനും വഴികാട്ടിയുമായി കൂടെയിരിക്കുന്നു. അവർ കർത്താവിന്റെ വേല ചെയ്യുവാൻ മുന്നോട്ടു വരുന്നു.

അതുകൊണ്ട് നിങ്ങൾ തനിച്ചായിരിക്കുമ്പോൾ, യോഹന്നാൻ പത്മോസിൽ തനിച്ചായിരുന്നതുപോലെ, ആത്മാവിൽ പാടുവാനും പ്രാർത്ഥിക്കുവാനും നമുക്കു കഴിയുന്നു. കർത്താവിനോടു സംസാരിപ്പാനും കഴിയുന്നു. ആ ഏകാന്തത കർത്താവുമായുള്ള ബന്ധവും ബലപ്പെടുത്തുന്നു. അങ്ങനെ നാം ചെയ്യുമ്പോൾ ഭയപ്പെടേണ്ട എന്ന ശബ്ദവും നമുക്ക് കേൾക്കാൻ കഴിയും. അവൻ നമ്മെ അനാഥരായി വിടുകയില്ല. അവൻ നമ്മുടെ അടുക്കൽ വരും. സ്നേഹിക്കുന്നവരും കൂട്ടുകാരും നമ്മെ കൈവിടുമ്പോൾ ഒരിക്കലും കടന്നു പോയിട്ടില്ലാത്ത കൂരിരുൾ പാതയിലൂടെ സഞ്ചരിക്കേണ്ടിവരുമ്പോൾ, നല്ലിടയൻ കൂടെയിരിക്കും, ശത്രുവിന്റെയും പകയന്റെയും കയ്യിൽ നിന്നും നമ്മെ വിടുവിക്കുന്നു.

## കഷ്തയുടെ സമയങ്ങളിൽ

കഷ്ടതയുടെ സമയങ്ങളിൽ യേശു മറ്റുള്ളവരാൽ അറിയപ്പെടുവാൻ ഇടയായിത്തീർന്നു. സ്മുർന്നയിലെ സഭയെപ്പോലെ കഷ്ടത

( (ശേഷം 6-ാം പേജിൽ )

# നിങ്ങളുടെ സർവ്വശക്തനായ സ്നേഹിതൻ

By. Octavius Winslow

യേശു സർവ്വശക്തനായ ദൈവമായിരിക്കയാൽ അവിടുത്തെ ജനത്തിന് സർവ്വശക്തനായൊരു ഭാരവാഹിയുണ്ട്. നാം ഭാരങ്ങളുള്ള ഒരു ജനമാണ്. ഓരോ വിശ്വാസിയ്ക്കും അവരുടേതായ പ്രത്യേക ഭാരങ്ങളുണ്ട്. പ്രിയ വിശ്വാസിയേ, എന്താണ് നിങ്ങളുടെ ഭാരം? അത് അകത്ത് വസിക്കുന്ന പാപമാണോ? ജഡത്തിന്റെ ചില ബലഹീനതകളാണോ? അടിസ്ഥാനപരമായൊരു ബലഹീനതയാണോ? ചില പരിശോധനകളാണോ? അതൊരു വസ്തു നഷ്ടമാണോ? ആരോഗ്യം ക്ഷയിച്ചതാ ണോ? ആത്മാക്കളുടെ ഭാരമാണോ? മാനസികമായൊരു നിരാശയാണോ?

നിരാശയിലും ഭാരത്തിലുമായിരിക്കുന്ന വിശ്വാസിയേ, വരിക എല്ലാം ഉപേക്ഷിക്കാൻ തയ്യാറാകുക. ഇതാ സർവ്വശക്തനായ യേശു അതെ, സർവ്വശക്തനായവങ്കലേയ്ക്ക് നിങ്ങളുടെ ഭാരം മാറ്റുവാൻ ആഗ്രഹിക്കുന്നു. അവിടുന്ന് നിങ്ങളെ ആശ്വസിപ്പിക്കും. നിങ്ങളുടെ ബലഹീനതയെ സംബന്ധിച്ച്, ആവശ്യങ്ങളെ സംബന്ധിച്ച് സമ്മർദ്ദങ്ങളെ സംബന്ധിച്ച് നിങ്ങൾ ബോധവാന്മാരാണ്. നിങ്ങളുടെ ശക്തിപരിമിതമാണ് എന്ന് നിങ്ങൾക്ക് അറിയാം. ഇപ്പോൾ സർവ്വശക്തനായ നിങ്ങളുടെ സ്നേഹിതനിലയേക്ക് തിരിയുക, അവിടുന്ന് ഭൂമിയുടെ അറ്റങ്ങളെ നിർമ്മിച്ചവനത്രേ - നിത്യനായ ദൈവം, അവിടുന്ന് തളർന്നു പോകുന്നില്ല ക്ഷീണിക്കുന്നുമില്ല.

യേശു നിങ്ങളുടെ രക്ഷകനും സ്നേഹിതനും, സഹോദരനുമാണ്, അവിടുന്ന് സർവ്വശക്തനായ ദൈവമാണ്, നിങ്ങളുടെ ബലഹീനതയിൽ താങ്ങുവാൻ ശക്തനാണ്. യുദ്ധം നിങ്ങളുടേതല്ല, ദൈവത്തിന്റെതാണ്! യേശു കഷ്ടതയിൽ നമ്മെ പോറ്റുന്നു. നമ്മുടെ ഭാരങ്ങൾ വഹിക്കുന്നു, നമ്മുടെ ആവശ്യങ്ങളെ നടത്തുന്നു, സർവ്വശക്തിയുടെ പരിചയാൽ നമ്മെ കാത്തു പാലിക്കുന്നു. യേശുവിന്റെ സർവ്വശക്തി ക്ഷീണി ച്ചും തളർന്നും ഇരിക്കുന്ന വിശ്വാസിക്ക് ആശ്വാസവും ബലവുമാണ്. ഒരു മാനുഷികമായ ശക്തിക്കും പരിഹരിക്കാൻ കഴിയാത്ത വിധം നമ്മുടെ ദു:ഖം ആഴമുള്ളതാണ്, വേദന വലുതാണ്. പ്രതിസന്ധികൾ പ്രയാസമേറിയവയാണ്.

വരൂ നിങ്ങൾ കൊടുങ്കാറ്റുകളാൽ അമ്മാനമാടപ്പെടുകയാണ് ഒരു ആശ്വാസവുമില്ല. വരിക, നിങ്ങളുടെ ആത്മാവ് മുറിവേറ്റിരിക്കുന്നു. ഹൃദയം തകർന്നിരിക്കുന്നു, മനസ് പൊടിയോളം കുനിഞ്ഞിരിക്കുന്നു. ആശ്വാസം നൽകുന്ന സർവ്വശക്തനായ ക്രിസ്തുവിൽ അഭയം പ്രാപിക്ക. യേശു നിങ്ങൾക്ക് മതിയായവൻ! അവിടുത്തെ സ്നേഹം സർവ്വശക്തിയുള്ളതാണ്. തന്റെ ശക്തി സർവ്വശക്തിയാണ്! അവിടുത്തെ കൃപ സർവ്വശക്തിയുള്ളതാണ് അവിടുത്തെ കനിവ് സർവ്വശക്തിയുള്ളതാണ്. അവിടുത്തെ കരം സർവ്വശക്തിയുള്ളതാണ്. അവിടുത്തെ ഉറവിടം അളവില്ലാത്തതും തീർന്നുപോകാത്തതുമാണ്. ഈ സർവ്വശക്തനായവനാണ് നിങ്ങളോടുകൂടെയുള്ളത്. അവിടുന്ന് തീയിലൂടെയും വെള്ളത്തിലൂടെയും നിങ്ങളെ പുറത്തുകൊണ്ടുവരും. രക്ഷിപ്പാൻ സർവ്വശക്തൻ, അവിടുന്ന് നിങ്ങളുടെ സഹോദരനും കനിവുള്ള കൂട്ടുകാരനുമാണ്. തന്റെ ആർദ്ര കരുണയാൽ അതീവശ്രദ്ധയോടുകൂടെ നമ്മെ കരങ്ങളിൽ കാത്തു ആശ്വസിപ്പിച്ച് വഴി നടത്തുന്നു.

❖

# ഒരു പ്രതിസന്ധി ഘട്ടത്തിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു

By. Lois Stucky

ഒരു സംശയവുമില്ല, മനുഷ്യ ചരിത്രത്തിൽ പലപ്പോഴും പ്രതിസന്ധി ഘട്ടങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ ഇപ്പോൾ ആയിരിക്കുന്ന അവസ്ഥ മുമ്പൊരിക്കലും കേട്ടുകേൾവി പോലുമില്ലാത്തതാണ്, കാരണം മറ്റേതൊരു തലമുറയിലേതിനേക്കാളുപരി നാം കർത്താവിന്റെ മടങ്ങി വരവിനോട് ഏറ്റവും അടുത്തിരിക്കുന്നു, ഒരു പക്ഷേ കർത്താവിന്റെ വരവ് വളരെ സമീപത്താണ്. നമ്മെ വിളിച്ച് വേർതിരിച്ച് ഈ തലമുറയിൽ തന്റെ ഉദ്ദേശ നിവർത്തിക്കായി ആക്കിവച്ചിരിക്കുന്നു. മുഴുലോകവും പ്രതിസന്ധിയിലായിരിക്കുന്നു.

അപ്പോസ്തലനായ പൗലൊസ് റോമർക്ക് ലേഖനം എഴുതി ദൂത് പ്രസ്താവിക്കുമ്പോൾ ഇങ്ങനെയുള്ളൊരു കാലംഘട്ടത്തിൽ ജീവിച്ച് പ്രവർത്തിക്കുന്നതു സംബന്ധിച്ച് എഴുതിയിരിക്കുന്നു. ഇത് ചെയ്യേണ്ടത് "ഉറക്കത്തിൽ നിന്നുണരുവാൻ നാഴിക വന്നിരിക്കുന്നു. എന്നിങ്ങനെ നിങ്ങൾ സമയം അറികയാൽ തന്നെ. നാം വിശ്വസിച്ച സമയത്തെക്കാൾ രക്ഷ ഇപ്പോൾ നമുക്ക് അധികം അടുത്തിരിക്കുന്നു. രാത്രി കഴിവാറായി പകൽ അടുത്തിരിക്കുന്നു. അതുകൊണ്ട് നാം ഇരുട്ടിന്റെ പ്രവർത്തികളെ വെച്ചുകളഞ്ഞ് വെളിച്ചത്തിന്റെ ആയുധവർഗ്ഗം ധരിച്ചുകൊൾക" (റോമർ 13:11,12)

കർത്താവായ യേശുക്രിസ്തുവിന്റെ വചനപ്രകാരം അവിടുത്തെ വകയായ നാം ലോകത്തിന്റെ വെളിച്ചമാണ് (മത്താ. 5:14). ആൽബർട്ട് ബാൺസിന്റെ വ്യാഖ്യാന പുസ്തകത്തിൽ നാം വായിക്കുമ്പോൾ ക്രിസ്ത്യാനികൾ ദൈവത്തിന്റെ വഴികളെ പഠിപ്പിക്കുവാൻ വിളിക്കപ്പെട്ടവരും മാതൃകയുള്ളവരും ആണ്. ലോത്തിന്റെ കണ്ണ് എപ്പോഴും ക്രിസ്ത്യാനികളിലേക്കാണ്. അവരുടെ പ്രവർത്തികൾ മറഞ്ഞിരിക്കുന്നില്ല. ലോകം അവരെ കാണണം. ഈ ലോകത്തിന്റെ അന്ധകാരത്തിൽ സത്യവെളിച്ചമായിരിക്കുവാൻ നമുക്ക് തീവ്രമായ് പരിശ്രമിക്കാം.

നമുക്കു മുമ്പിൽ കാണുന്ന ജനത്തിന്റെ പ്രതിസന്ധിയാൽ പ്രചോദനമുണ്ടായിട്ട് ദൈവത്തിൽ ആശ്രയിച്ച് അവർക്കായി പ്രവർത്തിക്കാം. കഷ്ടതയിൽ നിലവിളിക്കുന്നവർക്ക് ആവശ്യത്തിനും ചിന്തകൾക്കും കർത്താവ് മറുപടി നൽകുന്നു. ഈ പ്രതിസന്ധി ഘട്ടത്തിൽ ദൈവമുഖം അന്വേഷിക്കുന്നു എങ്കിൽ നമ്മുടെ പ്രതീക്ഷകൾക്കപ്പുറത്ത് ദൈവ്ത്തിന്റെ പ്രവർത്തിയുണ്ടാകും. ഒരു ഉണർവ്വിനായി

( ശേഷം 8-ാം പേജിൽ)

(4-ാംപേജിന്റെ തുടർച്ച)

## ക്രിസ്തു എല്ലാറ്റിനും മതിയായവൻ

നേരിട്ടപ്പോൾ, ദൈവജനം ദൈവത്തിന്റെ ജനം ക്രൂശിന്റെ മാർഗ്ഗം തെരഞ്ഞെടുക്കുവാൻ ഇടയായി. അതിന്റെ കഷ്ടതയിൽ അനീതിയിൽ താഴ്ചയിൽ, കയ്പേറിയ അനുഭവങ്ങളിൽ, ആയിരങ്ങൾ അവരെ ചവിട്ടിതാഴ്ത്തിയപ്പോൾ, അനേകരുടെ നിന്ദെയ്ക്ക് പാത്രമായപ്പോൾ, ഒരു വിശുദ്ധൻ ഇങ്ങനെ പറഞ്ഞു, സമാധാനത്തോടെ ജീവിക്കുവാൻ, ക്രൂശിന്റെ വഴിയല്ലാതൊരു വഴിയില്ലല്ലോ. യേശുക്രിസ്തുവിലുള്ള അവരുടെ സ്നേഹത്തിൽ നിന്നും അവരെ പിന്തിരിപ്പിക്കുവാൻ ഒരു ശക്തിക്കും കഴിഞ്ഞില്ല.!

പ്രത്യേകിച്ചും അപ്പോസ്തലനായ പൗലൊസിന്റെ ജീവിതത്തിൽ അത് വ്യക്തമായിക്കാണാൻ കഴിയും. ദൈവത്തിന്റെ ജനം കഷ്ടതയുടെയും വേദനയുടെയും അനുഭവങ്ങളിലൂടെ കടന്നുപോയി, ഞങ്ങൾ ലോകത്തിന്റെ ചവറുപോലെയും ഇന്നുവരെ സകലത്തിന്റെയും അഴുക്കായും തീർന്നിരിക്കുന്നു. (1കൊരി. 4:13). പൗലൊസ് പറയുന്നത് ഞാൻ എപ്പോഴും ക്രിസ്തുവിന്റെ മരണം ശരീരത്തിൽ വഹിക്കുന്നു എന്നാണ്. ക്ഷാമം, ഉപദ്രവം, രോഗം, യഹൂദജാതിയാലുള്ള തിരസ്ക്കരണം, തുടങ്ങിയവ സഹിച്ചു. എന്നാൽ എല്ലാറ്റിനേയും ക്രിസ്തുവിന്റെ സ്നേഹത്തിൽ പിടിച്ചടക്കുവാൻ യേശു തനിക്ക് സമീപസ്ഥനായിരുന്നു. സത്യത്തിൽ പൗലൊസ് യേശുവിനുവേണ്ടി കഷ്ടം സഹിച്ചു, എന്നാൽ യേശു തന്നോട് കൂടെ കഷ്ടം സഹിച്ചു. കർത്താവ് തന്നോട് ചേർന്നു നിന്നു. അപ്പോൾ ആർക്ക് തനിക്കെതിരെ നില്പാൻ കഴിയും? ദൈവത്തിന്റെ ആത്മാവ് തന്നോടു കൂടെയിരുന്നു,പൗലൊസ് ജീവനെയും മരണത്തേയും ഉയരത്തെയും ആഴത്തെയും വെല്ലുവിളിച്ചു പറയുന്നത് “ഇവയ്ക്കൊന്നിനും ദൈവസ്നേഹത്തിൽ നിന്നും എന്നെ വേർപിരിക്കുവാൻ കഴിയില്ല എന്നാണ് ”.

കഷ്ടതയ്ക്കോ, വേദനയ്ക്കോ നമ്മെ ഭയപ്പെടുത്താൻ കഴിയരുത്. കർത്താവ് നമ്മെ കൂരിരുൾ താഴ്വരയിലൂടെ കടത്തിവിടുമ്പോൾ ഭയപ്പെട്ടു പോകരുത്. ചൂളയുടെ ചൂട് ഏഴിരട്ടി കൂട്ടിയപ്പോഴും അവിടുന്ന് തന്റെ മക്കളോടുകൂടെയുണ്ടായിരുന്നു.

ദൈവജനത്തിന്റെ കഷ്ടത അവർക്ക് സഹിക്കാൻ കഴിയുന്നതിനു അപ്പുറമായിരുന്നെങ്കിലും, അവരുടെ തലയിൽ വയ്ക്കുന്നതു ജീവന്റെ കിരീടവുമായി അവരോടൊപ്പമുണ്ടായിരുന്നു. നമ്മുടെ കഷ്ടതയെ സംബന്ധിച്ച് പരാതി പറയാതെ മാനുഷികമായ പരിഗണന നമുക്കു ലഭിച്ചില്ലെങ്കിലും ദൈവത്തെ സ്നേഹിക്കുന്നവനെ ആളുകളുടെ വിമർശനത്തിനേൽപിക്കപ്പെട്ടാലും തന്റെ ശക്തി നമ്മുടെ മേൽ വരേണ്ടതിന് തന്നെത്താൻ നമുക്കുവേണ്ടി ഏല്പിച്ചുകൊടുത്ത കർത്താവിൽ നമുക്ക് സന്തോഷിക്കാം. മരണത്തോളം വിശ്വസ്തരായിരിക്കാം ആദിയും അന്തവും ആയവൻ കൂടെയുണ്ട്. പൂർണ്ണമായും കഷ്ടതയിലൂടെ കടന്നുപോയവൻ കൂടെയുണ്ട്.

ഗലീലയുടെ വിവിധ ഭാഗങ്ങളിൽ വന്നുകൂടിയ ആയിരക്കണക്കിന് രോഗികൾ യേശുവിൽ സൗഖ്യം കണ്ടെത്തി. കുഷ്ഠരോഗി സൗഖ്യം പ്രാപിച്ചു. പക്ഷവാതരോഗികൾ സൗഖ്യം പ്രാപിച്ചു. മരണത്തെ മുഖാമുഖമായി കണ്ടവർ ജീവിതത്തിലേക്ക് മടങ്ങി വന്നു. ജീവിതത്തിൽ നേരിട്ട ഓരോ കഷ്ടതകളും പരിശോധനകളും ദൈവത്തിന്റെ ഓരോ പ്രവർത്തിയെ കാണുവാൻ ഇടയാക്കി. സ്വർലോകങ്ങളിലെ ദുഷ്ടാത്മ സേനയുടെ ഇടപെടലും കർത്താവിൽ കൂടുതൽ സന്തോഷമുളവാക്കുന്ന പ്രതികരണങ്ങളാണുളവാക്കിയത്.

### ദാഹത്തിന്റെ സമയങ്ങളിൽ

ദാഹത്തിന്റെ സമയങ്ങളിലും യേശുവിന്റെ പ്രശസ്തി വർദ്ധിക്കുകയാണുണ്ടായത് (വെളി. 21:6,7) സുഖാർ എന്ന പട്ടണത്തിലെ കിണറ്റിങ്കലേയ്ക്ക് ശമര്യാ സ്ത്രീ വരുവാൻ കാരണം അവളുടെ ദാഹമാണ്. ദാഹമില്ലായിരുന്നു എങ്കിൽ ആ പ്രത്യേകമായ സന്ദർഭത്തിൽ അവൾ അവിടെ വരികയില്ലായിരുന്നു, എന്നാൽ ആ വെള്ളം അവളുടെ ആത്മാവിന്റെ ദാഹം തീർക്കുവാൻ പര്യാപ്തമായിരുന്നില്ല. ആളുകൾ ദാവീദിനെപ്പോലെ പറയുമായിരുന്നില്ല. “ മാൻ നീർത്തോടുകളിലേക്ക് ചെല്ലുവാൻ കാംക്ഷിക്കുന്നതുപോലെ ദൈവമേ, എന്റെ ആത്മാവ് നിന്നോട് ചേരുവാൻ കാംക്ഷിക്കുന്നു ”. (സങ്കീ. 42:1). നാം നമുക്കു തന്നെ പര്യാപ്തമായിരിക്കുന്നു എങ്കിൽ ക്രിസ്തുവിന്റെ പ്രവൃത്തിയെ നാം അറിയുമായിരുന്നില്ല. നമ്മിലുള്ള ദാഹവും വിശപ്പും നമ്മെ കാണിക്കുന്നത്, നാം നമ്മിൽ തന്നെ ആശ്രയിപ്പാനല്ല, പ്രത്യുത എല്ലാം തന്ന് നമ്മെ സന്തോഷിപ്പിക്കുന്ന ജീവനുള്ള ദൈവത്തിൽ നാം ആശ്രയിക്കണം എന്നാണ്.

അതെ, സ്വയം പര്യാപ്തരല്ല എന്നുള്ളതിനാൽ ദൈവത്തിന് സ്തോത്രം! നാം ഒരിക്കലും സ്വയം നിറവുള്ളവരല്ല, ക്രിസ്തുവിനോട് ചേർന്ന് ഉല്പാദിപപിക്കാനും കഴിവുള്ളവരല്ല. എന്നാൽ നമ്മുടെ പ്രകൃതി വിശാലമാകുന്നു, ഒരു ആവശ്യ ബോധം ഉണ്ടാകുന്നു, ആഴം ആഴങ്ങളിലേക്ക് വിളിക്കുന്നു. യേശു വഴിയും സത്യവും ജീവനും എന്ന നിലയിൽ, അവിടുത്തെ ദിവ്യമായ കരുതലിനെ നാം കൂടുതൽ കൂടുതൽ പഠിക്കുവാൻ മാത്രമേ നമുക്കു കഴിയൂ. ❖

(3-ാംപേജിന്റെ തുടർച്ച)

**ജീവിതത്തിനും ശുശ്രൂഷയ്ക്കും വേണ്ടി കർത്താവിൽ നിന്നുള്ള ആശഅവാസവും ബലവും**

ഒരു വഴികാട്ടിയായും മാറുന്നു.

എഫ്.ബി.മെയർ തുറന്ന സന്ദേശത്തിൽ പറയുന്നത്. ഈ കാലഘട്ടത്തിലെ ഏറ്റവും പ്രസക്തമായ ചോദ്യം എന്നത് നാം ക്രിസ്തുവുമായി വ്യക്തിപരമായ ബന്ധം ഉറപ്പാക്കിയിട്ടുണ്ടോ എന്നാണ്. “ ക്രിസ്തുവിനെ കൂടാതെ നമുക്ക് ഒന്നും ചെയ്യാൻ കഴിയില്ല ” എന്ന് നാം അറിയുന്നു (യോഹ. 15:5). “ എന്നാൽ നാം അവനിൽ വസിക്കുന്നു എങ്കിൽ, അവിടുന്ന് നമ്മിൽ വസിക്കുന്നു എങ്കിൽ, നാം വളരെ ഫലം കായ്ക്കും ” (യോഹ. 15:4-8).

### ക്രിസ്തുവിന്റെ ജീവിതവും ശക്തിയും

ഈ ചിന്തയോടുകൂടെ അപ്പോസ്തലനായ പൗലൊസിനെക്കുറിച്ച് പഠിക്കുമ്പോൾ താൻ അറിഞ്ഞിരുന്നു ക്രിസ്തുവിന്റെ നിറവിൽ നിന്നു മാത്രമേ നമുക്ക് ജീവിപ്പാനും പ്രവർത്തിപ്പാനും സാധിക്കുകയുള്ളൂ. താൻ പറയുന്നത് “ ക്രിസ്തു ..... നമ്മുടെ ജീവൻ” (കൊലൊ. 3:14) എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും... (ഫിലി. 1;21)

(ശേഷം 7-ാം പേജിൽ)

(1-ാംപേജിന്റെ തുടർച്ച)

**നിങ്ങൾ കൊയ്ത്ത് നിലത്തിലെ ഒരു വേലക്കാരനാണോ?**

കൊടുത്തുകൂടാ. അന്ധകാരത്തിൽ പാർക്കുന്ന നഷ്ടപ്പെട്ട ലോകത്തിൽ ദൈവത്തിന്റെ കൈകളും, കാലുകളും വായ്കളും ആയിരിപ്പാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്. ഇപ്പോൾ ലോകം മുഴുവനും നമ്മുടെ പ്രവർത്തന മേഖലയാണ്, ആവശ്യം വലുതാണ്.

ഒരു പക്ഷേ ഇത്രമാത്രം പാകമായ ഒരു കൊയ്ത്തുനിലം ഇതുവരെ ഉണ്ടായിട്ടില്ല. പരക്കെ ആളുകൾ ആവശ്യത്തിന്റെ മുഖത്താണ്, വിശ്വാസികൾ വെളിച്ചങ്ങൾ എന്ന നിലയിൽ ലോകത്തിൽ പ്രകാശിക്കേണ്ടതായ സമയമാണിത്. കൊയ്ത്ത് വളരെയുണ്ട് എന്നും സമർപ്പണമുള്ളവേലക്കാർ ചുരുക്കമാണെന്ന് നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് അറിഞ്ഞിരുന്നു, അതുകൊണ്ട് ദൈവത്തോട് കൊയ്ത്തിന് വേലക്കാരെ അയക്കേണ്ടതിന് പ്രാർത്ഥിക്കാം എന്ന വചനം നമുക്ക് ഓർക്കാം (മത്താ. 9:37,38).

എങ്ങനെയാണ് ഈ കാലങ്ങളിൽ നാം ആയിരിക്കുന്നത്. തിരുവചനം പഠിക്കുമ്പോൾ, " ദൈവ ദിവസത്തിന്റെ വരവ് കാത്തിരുന്നും ബദ്ധപ്പെടുത്തിയും കൊണ്ട് നിങ്ങൾ എത്ര വിശുദ്ധജീവനവും ഭക്തിയും ഉള്ളവർ ആയിരിക്കണം" (2 പത്രൊ. 3:11,12). വേദപുസ്തകം നൽകുന്ന ഉത്തരം വ്യക്തമാണ്. " തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ" യോഹ. 13:34, 35, 15:12,17, റോമർ 12:10, 13:8, ഗലാ. 5:13,14, 1 തെസ്സ. 4:9, 1യോ.ഹ 3:11, 3:33, 4:7,11,12 2യോഹ.1:5.

എങ്ങനെ ദൈവത്തിന്റെ കല്പന നിറവേറ്റണം എന്നത് സംബന്ധിച്ച് ചില ചിന്തകൾ താഴെ കുറിക്കുന്നു.

1) " ഓരോരുത്തൻ സ്വന്ത ഗുണമല്ല മറ്റുള്ളവന്റെ ഗുണവും കൂടെ നോക്കേണം" (ഫിലി. 2:4).

ദുരന്തങ്ങൾ കഴിഞ്ഞു പോകുവോളം വീട്ടിൽ അഭയം തേടുക എന്നത് ഒരു വേദപുസ്തക ആശയമല്ല. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിക്കണം, എന്നാൽ നാം നമ്മെത്തന്നെ വേർതിരിച്ച് കാത്തു സൂക്ഷിക്കണം, നമ്മുടെ പണം ആത്മിക സഹായത്തിന് പകരമാവുകയില്ല. നമ്മുടെ സ്വയ താല്പര്യങ്ങളെ സംരക്ഷിക്കാനോ നമ്മുടെ സമ്പത്ത് പൂഴ്ത്തി വയ്ക്കാനോ ഉള്ളവരല്ല നാം. പകരം സ്വർഗ്ഗത്തിൽ നിക്ഷേപം ഉണ്ടാകുന്ന പ്രവൃത്തി ചെയ്യണം. തുറന്ന കയ്യോടെ ആവശ്യങ്ങളിലിരിക്കുന്നവരെ സഹായിക്കണം, എന്നിട്ട് കർത്താവിനെ അനുഗമിക്കണം (മത്താ. 19:21).

**2) കൂട്ടായ്മകളെ ഉപപേക്ഷയായി വിചാരിക്കരുത്** (എബ്രാ. 10:24)

നാം ചെയ്തുകൊണ്ടിരിക്കുന്ന ഓൺ ലൈൻ മീറ്റിംഗുകൾ നല്ലതാണ്. നിയമങ്ങളെ നാം അനുസരിക്കുവാൻ ബാദ്ധ്യസ്ഥരാണ്. എന്നാൽ അവസരങ്ങൾ തുറന്നു വരുന്ന മുറയ്ക്ക് നാം മുഖാമുഖമായുള്ള കൂട്ടായ്മയിൽ ഉത്സാഹം കാണിക്കേണ്ടതാണ്. ആത്മിക കൂട്ടായ്മയ്ക്കാണ് ദൈവം മനുഷ്യനെ സൃഷ്ടിച്ചത്. ദൈവത്തോട് മാത്രമല്ല മനുഷ്യനോടും നാം കൂട്ടായ്മ ആചരിക്കേണ്ടതാണ്. സ്ന്ത ജീവിതത്തിലൂന്നി ഒരിക്കലും ഒരുവന് ദൈവം പ്രത്യേക സംരക്ഷണം നൽകുന്നു, എന്നാൽ ആത്മനിറവിൽ ആരാധിക്കുന്ന വിശ്വാസികളുമായുള്ള കൂട്ടായ്മയെ മന:പൂർവ്വമായി നഷ്ടമാക്കുന്നവന് ശരിയായ ഒരു ആത്മിക ജീവിതം നയിക്കുവാൻ സാദ്ധ്യമല്ല. കൂട്ടായ്മയെ സമ്പബന്ധിച്ച വേദപുസ്തക കല്പന ആഴമേറിയതാണ്. വെറും കൂട്ടായ്മയ്ക്കുവേണ്ടിയല്ല നാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്, പിന്നെയോ ഒരു സാമൂഹിക ജീവിതത്തിനുവേണ്ടി കൂടെയാണ്. മറ്റുള്ള വിശ്വാസികളുമായുള്ള വെറും ഒരു കൂട്ടായ്മയ്ക്കുവേണ്ടി മാത്രമല്ല, പരസ്പരം പങ്കുവയ്ക്കുവാനും, സഹായിക്കുവാനും, പരസ്പരം ഭാരങ്ങൾ വഹിക്കുവാനും, പരസ്പരം ധൈര്യപ്പെടുത്തുവാനും കൂടെയാണ്. സമൂഹത്തിന്റെ ഭാഗമായിരിക്കുമ്പോൾ സേവനത്തിനുള്ള അവസരങ്ങളും ഉണ്ടാകുന്നു. പരസ്പരവും ലോകത്തിലാകമാനവും അത് സാദ്ധ്യമായിത്തീരുന്നു. ശരിയായി രൂപീകരിക്കപ്പെട്ട ഒരു സമൂഹത്തിൽ വ്യക്തിപരമായ അഭിവൃദ്ധിക്കും, മറ്റുള്ളവരുമായുള്ള കൂട്ടായ്മയിൽ ദൈവത്തെ ആരാധിക്കുന്നതിനും അങ്ങനെ ലോകത്തിൽ നമുക്കു ചുറ്റും ഉള്ളവരെ സേവിക്കുന്നതിനും സാധിക്കും.

**ജാതികളുടെയിടയിലുള്ള നമ്മുടെ നടപ്പ് വിശ്വസ്തമായിരിക്കണം** (1പത്രൊ. 2:12).

കർത്താവിന്റെ നാമം ധരിക്കുക എന്നു പറഞ്ഞാൽ, "യഹോവയെ ഭയപ്പെട്ട് ദോഷം വിട്ടുമാറുക " (സദൃശ. 3:7) എന്നാണ്. ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞു ...(1പത്രൊ. 2:1). ശുദ്ധമായ നമ്മുടെ സ്വന്തം അനുഭവത്തിൽ നിന്നാണെങ്കിൽ നമ്മുടെ സാക്ഷ്യം അംഗീകാരമില്ലാത്തതും ക്രിസ്തുവിന്റെ നാമത്തിന് ബഹുമാനം കൊടുക്കാത്തതും ആയിരിക്കും.

തീഷ്ണമായും, ശുദ്ധമായും, സത്യസന്ധമായും ദൈവത്തെ സ്നേഹിക്കാൻ പഠിക്ക എന്നുള്ളത് ദൈവത്തിന്റെ മുഴുന്യായപ്രമാണത്തിന്റെയും പൊരുളാണ്.

എന്നാൽ സത്യം അനുസരിക്കയാൽ നിങ്ങളുടെ ആത്മാക്കളെ നിർവ്യാജമായ സഹോദരപ്രീതിക്കായി നിർമ്മലീകരിച്ചിരിക്കകൊണ്ട് ഹൃദയപൂർവ്വം അന്യോന്യം ഉറ്റു സ്നേഹിപ്പിൻ (1പത്രൊ. 1:22). ഈ കാര്യങ്ങളെ നാം ചെയ്യുന്നു എങ്കിൽ, നമ്മുടെ സാക്ഷ്യം അന്ധകാരത്തിലായിരിക്കുന്നവർക്ക് പ്രയോജനമില്ലാത്തവരോ, ഫലമില്ലാത്തവരോ ആയിരിക്കയില്ല.

ദൈവത്തിന്റെ കരുതലിലും ദൈവസ്നേഹത്തിലും ആശ്രയിച്ച് വിശ്വാസത്തോടെ ഈ കാര്യങ്ങൾ നാം ചെയ്യുന്നുവെങ്കിൽ, ദൈവം നമ്മെ അനുഗ്രഹിക്കയും നമ്മുടെ പ്രവൃത്തികളെ മാനിക്കയും ചെയ്യും. ക്രിസ്തു ഏതു നിമിഷവും മടങ്ങിവരാം. അപ്പന്റെ സേവയിൽ ജാഗരൂകരായിരിപ്പിൻ. ദൈവം നമ്മെ സഹായിക്കട്ടെ. ❖

(6-ാംപേജിന്റെ തുടർച്ച)

**ജീവിതത്തിനും ശുശ്രൂഷയ്ക്കും വേണ്ടി കർത്താവിൽ നിന്നുള്ള ആശഅവാസവും ബലവും**

ശുശ്രൂഷയെ സംബന്ധിച്ചു താൻ പറയുന്നത് അതിനായ് ഞാൻ, എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ വ്യാപാര ശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അദ്ധ്വാനിക്കുന്നു (കൊലൊ. 1:29). ക്രിസ്തു ആരെന്നും അവനിൽ വിശ്വസിക്കുന്നവർക്കുവേണ്ടി വ്യാപാരശക്തിയെക്കുറിച്ചും പൗലൊസ് അറിഞ്ഞിരുന്നു. അവിടുത്തേയ്ക്ക് വേണ്ടിയുള്ള ജീവിതവും ശുശ്രൂഷയും പരിധിയില്ലാത്തതാണ്. " എന്നെ ശക്തനാക്കുന്ന

(ശേഷം 8-ാം പേജിൽ)

( കഴിഞ്ഞ ലക്കം തുടർച്ച)

## വചനം ഒരു വാൾ

**തുളച്ചു ചെല്ലുന്നതും വേർവിടുവിക്കുന്നതുമായ വാൾ**

ദൈവത്തിന്റെ വചനം പ്രാകൃതമായതിനെയും ആത്മികമായതിനെയും, ജഡികമായതിനെയും ദൈവികമായതിനെയും വേർതിരിക്കുന്ന ഒരു നേർരേഖയായി കിടക്കുകയാണ്. അത് ഹൃദയത്തിന്റെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നു. നിങ്ങളുടെ ജീവിതത്തിന്റെ മറച്ചുവച്ചിരിക്കുന്ന ചില രഹസ്യങ്ങളെ പ്രാസംഗികൻ പരസ്യമായി വിളിച്ചു പറയുന്ന അത്ഭുത കാര്യം നിങ്ങൾ കണ്ടിട്ടില്ലേ? അത് ദൈവവചനത്തിന്റെ അടയാളങ്ങളിലൊന്നാണ്. അത് മനുഷ്യന്റെ അതീവരഹസ്യങ്ങളെ പുറത്തു കൊണ്ടുവരുന്നു. അത് കാണിക്കുന്നത് നമുക്ക് ഗ്രഹിക്കാൻ കഴിയാത്തതിനെപ്പോലും അവിടുന്ന് വെളിച്ചത്തു കൊണ്ടുവരുന്നു. വചനമാകുന്ന ക്രിസ്തു എല്ലാം അറിയുന്നു. അടുത്ത വാക്യത്തിൽ വായിക്കുന്നത്, അവന് മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല; സകലവും അവന്റെ കണ്ണിന് നഗ്നവും മലർന്നതുമായികിടക്കുന്നു (എബ്രാ. 4:13).

വചനം നമ്മുടെ ചിന്തകളെ അറിയുകമാത്രമല്ല, അതിനെ വിവേചിക്കയും ചെയ്യുന്നു. ദൈവവചനം പറയുന്നു നമ്മുടെ ചിന്തകൾ വ്യർത്ഥമാണ്, ദൈവത്തിന്റെ ചിന്തകൾ അംഗീകാരയോഗ്യമാണ്. മാനുഷിക ചിന്തകൾ സ്വാർത്ഥമാണ്, വചനത്തിന്റെ ചിന്തകൾ ക്രിസ്തുവിന്റെ ചിന്തകളാണ്. അത് മനുഷ്യന്റെ ചിന്തകളെ വിധിക്കുന്നു.

പ്രായോഗിക പാഠങ്ങൾ

ചില പ്രായോഗിക പാഠങ്ങളെക്കുറിച്ച് ഞാൻ സംസാരിക്കുന്നു. അത് കൂടുതൽ വ്യക്തത തരും. പ്രിയ സഹോദരിസഹോദരന്മാരേ ആദ്യമായി നാം ദൈവവചനത്തെ ബഹുമാനിക്കണം., അതു വായിക്കണം, പഠിക്കണം, ജീവിതത്തിൽ അത് പ്രായോഗികമാക്കണം.

അടുത്തതായി പ്രീയ സഹോദരങ്ങളേ പ്രാർത്ഥനയിലോ ജീവിതത്തിലോ നാം ചത്തവരായി കാണപ്പെടുന്നു എങ്കിൽ ദൈവവചനത്തോട് അടുത്തു ചെല്ലണം. ദൈവവചനം ജീവിക്കുന്നു, അതു നമ്മെ ജീവിപ്പിക്കും. നമ്മുടെ സ്വയ സിദ്ധമായ കഴിവുകൾ നാം പഠിച്ച ജ്ഞാനം, നാം നേടിയ പരിചയങ്ങൾ എല്ലാം മിഥ്യയായിരിക്കാം, എന്നാൽ ദൈവവചനം നമ്മുടെ അതിമഹത്തായ ബലമാണ്. പരാജയങ്ങളിൽ നിന്നും എഴുന്നേറ്റ് സർവ്വശക്തിയുടെ ഉറവുകളിലേയ്ക്ക് അടുത്തു ചെല്ലുക. വചനത്തിൽ നി ന്നും കുടിക്കുന്നവൻ തളർന്നു പോകാതെ ഓടുകയും ക്ഷീണിച്ചു പോകാ തെ നടക്കയും ചെയ്യും.

ഒടുവിലായി, ഈ പുസ്തകം വിവേചിക്കുന്ന വചനം എങ്കിൽ എല്ലാം അറിയുന്ന വചനമെങ്കിൽ അതു നമ്മെ വിവേചിക്കട്ടെ അത് നമ്മെ അറിയട്ടെ. ദൈവവചനം നമ്മെ അംഗീകരിക്കുന്നു എങ്കിൽ വാസ്തവമായി നാം അംഗീകരിക്കപ്പെട്ടവരാണ്. ദൈവവചനം നമ്മെ അംഗീകരിക്കുന്നില്ല എങ്കിൽ നാം അംഗീകരിക്കപ്പെട്ടവരല്ല. ആളുകൾ നിങ്ങളെ പുകഴ്ത്തുന്നുണ്ടോ? എങ്കിൽ, അവർ നിങ്ങളുടെ ശത്രുക്കളാണ്. ആളുകൾ നിങ്ങളെ കുറ്റപ്പെടുത്തുന്നുണ്ടോ? ഭാരപ്പെടേണ്ട ദൈവം എല്ലാം അറിയുന്നു.

ദൈവവചനത്തോടു പറ്റിച്ചേരുക, നിങ്ങളുടെ പിതാക്കന്മാരുടെ സുവിശേഷം, രക്തസാക്ഷികളുടെ സുവിശേഷം, കർത്താവായ യേശുവിന്റെ സുവിശേഷം നിങ്ങളുടെയും ആയിരിക്കട്ടെ. അതു നിങ്ങളെ രക്ഷിക്കും, ദൈവത്തെ സ്തുതിക്കുവാൻ തക്കവണ്ണം നിങ്ങളെ അനേകരുടെ രക്ഷയ്ക്ക് അത് കാരണമാക്കും. ❖

( 7-ാം പേജിന്റെ തുടർച്ച)

**ജീവിതത്തിനും ശുശ്രൂഷയ്ക്കും വേണ്ടി കർത്താവിൽ നിന്നുള്ള ആശഅവാസവും ബലവും**

വൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു" (ഫിലി. 1:4 -13)

കർത്താവായയേശുക്രിസ്തുവിലുള്ള തന്റെ ജീവിതാനുഭവങ്ങൾ എല്ലാ വിശ്വാസികൾക്കും പ്രയോജനമാകും എന്ന് പൗലൊസ് അറിഞ്ഞിരുന്നു, തന്റെ പ്രാർത്ഥനയിൽ അതു കാണാൻ കഴിയും. ആ പ്രാർത്ഥനകളിൽ ചിലത് താഴെകുറിക്കുന്നു. " അവൻ തന്റെ മഹത്വത്തിന്റെ ധനത്തിന് ഒത്തവണ്ണം അവന്റെ ആത്മാവിനാൽ നിങ്ങൾ അകത്തെ മനുഷ്യനെ സംബന്ധിച്ച് ശക്തിയോടെ ബലപ്പെടേണ്ടതിനും ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ആഴവും ഉയരവും എന്തെന്ന് സകല വിശുദ്ധന്മാരോടും കൂടെ ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൽ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിന്റെ എല്ലാ നിറവിനോളം നിറഞ്ഞുവരികയും വേണം എന്നും പ്രാർത്ഥിക്കുന്നു " (എഫെ. 3:16 -19).

......നിങ്ങൾ പൂർണ്ണ പ്രസാദത്തിനായി കർത്താവിന് യോഗ്യമാകുംവണ്ണം നടന്നു ആത്മികമായ സകല ജ്ഞാനത്തിലും വിവേകത്തിലും അവന്റെ ഇഷ്ടത്തിന്റെ പരിജ്ഞാനം കൊണ്ട് നിറഞ്ഞുവരേണം എന്നും സകല സൽപ്രവൃത്തിയിലും ഫലം കായ്ച്ച് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിൽ വളരേണമെന്നും സകല സഹിഷ്ണതയ്ക്കും ദീർഘക്ഷമയ്ക്കുമായി അവന്റെ മഹത്വത്തിന്റെ വല്ലഭത്വത്തിന് ഒത്തവണ്ണം പൂർണ്ണശക്തിയോടെ ബലപ്പെടേണ്ടതിനും (കൊലൊ. 1:10,11).

ഈ അന്ത്യനാളുകളിൽ പ്രാർത്ഥനയിലും കാത്തിരിപ്പിലും അടുത്തുചെന്ന് അവിടുത്തെ പ്രവർത്തി നമ്മിൽ തികച്ചെടുക്കുവാൻ കർത്താവു നമ്മെ സഹായിക്കട്ടെ. ❖

( 5-ാം പേജിന്റെ തുടർച്ച)

**ഒരു പ്രതിസന്ധിഘട്ടത്തിൽ നാം വിളിക്കപ്പെട്ടിരിക്കുന്നു**

വിശ്വാസത്തോടും ശക്തിയോടും പ്രാർത്ഥിക്കാം. നമ്മുടെ ഈ തലമുറയിൽ, ഐക്യമായി അവിടുത്തെ വേലചെയ്യുന്നു എങ്കിൽ, കരുണയുള്ള പ്രാർത്ഥനകേൾക്കുന്ന ദൈവത്തിന്റെ ശക്തമായ പ്രവൃത്തി നാം കാണും.

അപ്പോസ്തലനായ പൗലൊസിന്റെ അതിപ്രധാനമായ പ്രബോധനം നമുക്കു ശ്രദ്ധിക്കാം. " കർത്താവായ യേശുക്രിസ്തുവിനെ ധരിച്ചു കൊൾവിൻ " (റോമ. 13:14). കർത്താവായ യേശുക്രിസ്തുവിലും അവിടുത്തെ വചനത്തിലുമുള്ള നമ്മുടെ ആശ്രയം കൈമുതലാക്കി ദൈവത്തിന്റെ വിളി നമ്മിലൂടെ നിവേറും എന്ന പ്രത്യാശയോടെ നമുക്കു കാത്തിരിക്കാം. ❖

Edited & Published by Mrs. Bindhu.M. Trivandrum- 695032 Printed at Excellent Printers Plavila, Thirumala, T.v.m - 6 Phone: 2351975